MONDAY

11/05/2026

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. K S** **Editor : Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/05/2026

1. വാണിജ്യ കൃഷിയിലേക്ക് സജീവമായി വരുന്ന കർഷകർ, കാർഷിക കൂട്ടായ്മകൾ, കാർഷിക ഉത്പാദക സംഘടനകൾ, കാർഷിക സംരംഭകർ, പ്രവർത്തന കയറ്റുമതിക്കാർ, കാർഷിക സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് വിവിധ കാർഷിക, കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കായി ആവശ്യമായ കൃഷിഭൂമി ലഭ്യമാക്കുവാൻ കഴിഞ്ഞാൽ ആയത് നമ്മുടെ കാർഷിക വികസനത്തിന് വളരെ സഹായകരമാകും. ഈ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ് നവോ-ധൻ (NAWO-DHAN) പദ്ധതി (New Agriculture Wealth Opportunities-Driving Horticulture and Agri-Business Networking). കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ സാങ്കേതിക കാര്യങ്ങളുടെ നിർവഹണത്തിനായി കേരള അഗ്രോ ബിസിനസ് കമ്പനി കാബ്കോയെ (KABCO) എസ്.പി.വി ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭൂവുടമകൾ, കർഷക സംരംഭകർ എന്നിവർക്കുള്ള ഓൺലൈൻ ഏകജാലക സംവിധാനവും തുടർ നടപടികളും, ഭൂവുടമകൾ, കർഷകസംരംഭകർ എന്നിവർക്കൊപ്പം കൃഷി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹകാരി സേവന ഉടമ്പടി – (KRISHI SAHAKARI SLA) –യിലെ പങ്കാളിത്തം, പരിശോധനയും അംഗീകാരവും KABCOയുടെ മേൽനോട്ടത്തിലാണ്. www.kabco.co.in എന്ന കാബ്കോയുടെ വെബ് സൈറ്റ് മുഖേന നവോ–ധൻ (NAWO–DHAN) പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ് .

2. റബ്ബർബോർഡിന്റെ മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിലേക്ക് യങ് പ്രൊഫഷണലിനെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉദ്യോഗാർത്ഥികൾ മാർക്കറ്റിങ് /അഗ്രി ബിസിനസ് മാനേജ്മെന്റ് എന്നീ വിഷയങ്ങളിലേതിലെങ്കിലും എം.ബി.എ. നേടിയവരും കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ അടിസ്ഥാനവിവരം ഉള്ളവരും ആയിരിക്കണം. മാർക്കറ്റിങ്/സെയിൽസ്/മാർക്കറ്റ് റിസേർച്ച് എന്നിവയിൽ പ്രവൃത്തിപരിചയം, ഡിജിറ്റൽ മാർക്കറ്റിങ്ങിലുള്ള ഉള്ള പരിജ്ഞാനം; ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആശയവിനിമയം നടത്തുന്നതിനുള്ള കഴിവ് എന്നിവ അഭികാമ്യം. അപേക്ഷകരുടെ പ്രായം 2026 മെയ് 01–ന് 30 വയസ്സിൽ കവിയരുത്. പ്രതിമാസം 25,000 രൂപ വേതനപ്രകാരമുള്ള നിയമനത്തിന്റെ കാലയളവ് ഒരുവർഷം ആയിരിക്കും.

താൽപര്യമുള്ളവർ അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്), മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, സെൻട്രൽ ലബോറട്ടറി ബിൽഡിങ്, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം റബ്ബർബോർഡ് പി.ഒ., കോട്ടയം 686009 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷകൾ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2026 മെയ് 19 ആണ്. ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ ഷോർട്ട് ലിസ്റ്റ്, ഇന്റർവ്യൂ നടക്കുന്ന തീയതി, സമയം , സ്ഥലവും റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.ഇത് സംബന്ധിച്ച് വ്യക്തികളെ നേരിട്ട് അറിയിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് 8301952290 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. റബ്ബർബോർഡ് വെബ്സൈറ്റിലും (www.rubberboard.gov.in) വിവരങ്ങൾ ലഭ്യമാണ്. ഇമെയിൽ marketpromotion@rubberboard.org.in

3. വെള്ളായണി കാർഷിക കോളജിൽ വിവിധ വിഷയങ്ങളിൽ ഈ മാസം 18 മുതൽ 30 വരെ നടത്തുന്ന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഈ മാസം 18ന് "ചക്ക വിളവെടുപ്പ് അനന്തര

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സാങ്കേതിക വിദ്യകളും മൂല്യവർധിത ഉൽപന്നങ്ങളും" എന്ന വിഷയത്തിലും 21 ന് "ഫലവൃക്ഷങ്ങളിലെ കായിക പ്രജനന രീതികൾ" എന്ന വിഷയത്തിലു , 23 ന് "നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ" എന്ന വിഷയത്തിലും, "26 ന് കുരുമുളക് കൃഷി" എന്നതിലും , 30 ന് "ഇൻഡോർ സസ്യങ്ങൾ – ഇനങ്ങളും നടീൽ രീതികളും" എന്നീ വിഷയങ്ങളിലാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 8891540778.

4. മണർകാട് റീജിയണൽ പൗൾട്രി ഫാമിൽ ഒരു ദിവസം പ്രായമായ നല്ലയിനം ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്. പൊതു ജനങ്ങൾക്കും, അംഗീകൃത എഗ്ഗർ നഴ്സറികൾക്കും മുൻകൂർ ബുക്കിംഗ് അടിസ്ഥാനത്തിൽ ലഭ്യത അനുസരിച്ച് എല്ലാ ചൊവ്വാഴ്ചകളിലും ഒരു ദിവസം പ്രായമായ ഗ്രാമശ്രീ കോഴിക്കുഞ്ഞുങ്ങൾ ഫാമിലെ കൗണ്ടറിൽ വില്ക്കപ്പെടുന്നതാണ്. ബുക്ക് ചെയ്യുന്നതിനായി 0481-2373710 എന്ന ഫോൺ നമ്പർ വഴിയോ, നേരിട്ടോ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പിടക്കോഴിക്കുഞ്ഞുങ്ങൾ 25 രൂപ നിരക്കിലും പൂവൻകുഞ്ഞുങ്ങൾ 5 രൂപ നിരക്കിലും വിൽക്കപ്പെടുന്നു.

## കാർഷിക നിർദേശം

5. അന്തരീക്ഷ ഊഷ്മാവ് കൂടിയതിനാൽ തെങ്ങിൽ വെള്ളീച്ചയെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൽഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം ലെക്കാനിസീലിയം എന്ന മിത്രകുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക. തെങ്ങിന്റെ കൂമ്പുചീയൽ, ഓല ചീയൽ തുടങ്ങിയ രോഗങ്ങൾ വരാതിരിക്കുവാനുള്ള പ്രതിരോധ നടപടികൾ ഈ മാസം തന്നെ ആരംഭിക്കണം. മണ്ട വൃത്തിയാക്കിയതിനു ശേഷം 1% വീര്യമുള്ള ബോർഡോ മിശ്രിതം ഓലകളിലും കൂമ്പോലകളിലും മണ്ടയിലും നന്നായി തളിക്കണം. വിത്തുതേങ്ങ ഈ മാസം പാകാം. തവാരണക്ക് ഒന്നര മീറ്റർ വീതിയും സൗകര്യം പോലെ നീളവുമാകാം. തടത്തിൽ 30 സെന്റിമീറ്റർ ഇടയകലത്തിൽ ചാലുകീറി വിത്തുതേങ്ങ പാകി ഇടയ്ക്കുള്ള സ്ഥലം മണ്ണിട്ടു മൂടുക. മേൽ ഭാഗം ആകെ മണലിട്ടു മൂടണം. തേങ്ങയുടെ മുകൾ ഭാഗം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാത്രം മണലിന് വെളിയിൽ കണ്ടാൽമതി. തവാരണയിൽ നിന്നും മണ്ണൊലിപ്പ തടയാനും തണൽ നൽകാനും ഉണങ്ങിയ തെങ്ങോലകൊണ്ട് പുതയിടുക. വിത്തുതേങ്ങ ചരിച്ചോ കുത്തനയോ പാകാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം